REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളത്തിൽ UDF മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട നിർണായക ചർച്ചകൾ പുരോഗമിക്കുന്നു. അന്തിമ തീരുമാനം എടുക്കാൻ UDF നേതൃയോഗം ഇന്നും ചേരും.**
- **അഞ്ചു രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി വൈകി നെതർലന്റ്സിലെത്തി.**
- **വിദേശയാത്രക്ക് നികുതിയോ സെസ്സോ സർചാർജോ ഈടാക്കുമെന്ന മാധ്യമറിപ്പോർട്ടുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നിഷേധിച്ചു.**
- **CBSE, പന്ത്രണ്ടാം ക്ലാസ് പരീക്ഷയിലെ ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭ്യമാക്കാനും, പുനർ മൂല്യനിർണയത്തിനും പ്രത്യേക നടപടികൾ ആവിഷ്കരിച്ചു.**
- **IPL ക്രിക്കറ്റിൽ ലക്നോ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ തകർത്തു.**

## വാർത്തകൾ വിശദമായി

കേരളത്തിൽ UDF മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട നിർണായക ചർച്ചകൾ പുരോഗമിക്കുന്നു. മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം എടുക്കാനായി UDF നേതൃയോഗം ഇന്നും ചേരും.

V.D.സതീശന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്യും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും സത്യവാചകം

ചൊല്ലിക്കൊടുക്കും. കോൺഗ്രസിലെ മന്ത്രിമാരെ സംബന്ധിച്ച ചർച്ചകൾ ഇന്നലെ തിരുവനന്തപുരത്ത് തുടങ്ങി. UDF ലെ മറ്റ് കക്ഷികളുടെ മന്ത്രിമാരെ സംബന്ധിച്ച ധാരണയും ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

സത്യപ്രതിജ്ഞാ ചടങ്ങിൽ തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവരെ ക്ഷണിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി.M.പള്ളുരുത്തി.

.....വോയിസ് .......

വിവിധ ഘടക കക്ഷികൾക്കുള്ള മന്ത്രിമാരെ കുറിച്ചും വകുപ്പുകളെ കുറിച്ചും ഇന്നും ചർച്ചകൾ തുടരും. വൈകിട്ടോടെ അന്തിമ തീരുമാനത്തിലെത്താനാണ് ശ്രമമെന്നാണ് യുഡിഎഫ് വൃത്തങ്ങൾ തിരുവനന്തപുരത്ത് അറിയിച്ചത്. ഇതോടൊപ്പം തന്നെ സ്പീക്കറെ സംബന്ധിച്ചുള്ള ചർച്ചകളും നടക്കുന്നുണ്ട്. തിങ്കളാഴ്ച വി ഡി സതീശനോടൊപ്പം മുഴുവൻ മന്ത്രിസഭയും സത്യപ്രതിജ്ഞ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു മുൻപായി യുഡിഎഫിലെ ഓരോ കക്ഷികൾക്കിള്ളിലുള്ള ചർച്ചകളും പൂർത്തിയാക്കേണ്ടതുണ്ട്. തിങ്കളാഴ്ച നടക്കുന്ന സത്യപ്രതിജ്ഞയ്ക്കു ശേഷം വ്യാഴാഴ്ച നിയമസഭാ സമ്മേളനം ചേരാനാണ് ഉദ്ദേശിക്കുന്നതെന്നും യുഡിഎഫ് വൃത്തങ്ങൾ അറിയിച്ചു.

✪✪✪

നിയുക്ത മുഖ്യമന്ത്രി V.D.സതീശന് നെടുമ്പാശേരി വിമാനത്താവളത്തിൽ കോൺഗ്രസ് പ്രവർത്തകർ ഇന്നലെ വൈകിട്ട് ഊഷ്മള സ്വീകരണം നൽകി. മുഖ്യമന്ത്രി പ്രഖ്യാപനത്തിന് ശേഷം ആദ്യാമായാണ് സ്വന്തം ജില്ലയിലെത്തിയത്.

എറണാകുളം ജില്ലയിലെ MP മാരും MLA മാരും ജനപ്രതിനിധികളും കോൺഗ്രസ് നേതാക്കളും DCC സംഘടിപ്പിച്ച സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

അഞ്ചു രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി വൈകി നെതർലന്റ്സിലെത്തി. ഡച്ച് വിദേശകാര്യമന്ത്രി ടോം ബെറെൻസൻ ആംസ്റ്റർഡാം വിമാനത്താവളത്തിൽ പ്രധാനമന്ത്രിയെ വരവേറ്റു. UAE പ്രസിഡന്റ് മുഹമ്മദ് ബിൻ സയേദ് അൽ നഹ്യാനുമായി അബുദാബിയിൽ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ മോദി നെതർലെന്റ്സിലെത്തിയത്.

നെതർലെന്റ്സ് പ്രധാനമന്ത്രി റോബ് ജെറ്റിനുമായും രാജാവും രാജ്ഞിയുമായും നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് നെതർലെന്റ്സിലെ ഇന്ത്യൻ

സമൂഹത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. സെമി കണ്ടക്ടർ, നിർമ്മിത ബുദ്ധി എന്നിവയടക്കം മേഖലകളിൽ ഇരു രാജ്യങ്ങളും കരാറുകൾ ഒപ്പുവെച്ചേക്കും. നെതർലെന്റ്സ് സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നാളെ സ്വീഡനിലേക്ക് യാത്ര തിരിക്കും.

✪✪✪

വിദേശയാത്രക്ക് നികുതിയോ സെസ്സോ സർചാർജോ ഈടാക്കുമെന്ന മാധ്യമറിപ്പോർട്ടുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നിഷേധിച്ചു. തികച്ചും അടിസ്ഥാനരഹിതമാണ് റിപ്പോർട്ടെന്നും വാസ്തവത്തിന്റെ കണിക പോലും അതിലില്ലെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ വ്യക്തമാക്കി. വിദേശയാത്രക്ക് ഇത്തരം നിയന്ത്രണം ഏർപ്പെടുത്തുന്ന പ്രശ്നമില്ലെന്നും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

NEET-UG ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് മുഖ്യ സൂത്രധാരനെന്നു കരുതുന്നയാളെ CBI പിടികൂടി. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച കെമിസ്ട്രി അധ്യാപകൻ P.V.കുൽക്കർണിയാണ് പുണെയിൽനിന്ന് അറസ്റിലായത്. ചോദ്യപേപ്പർ ലഭിക്കാൻ ഇയാൾക്ക് അവസരമുണ്ടായിരുന്നു എന്ന് CBI കണ്ടെത്തി. ഇയാളിൽ നിന്നു നിരവധി രേഖകളും ഇലക്ട്രോണിക് സാമഗ്രികളും മൊബൈൽ ഫോണുകളും കണ്ടെത്തി. നേരത്തെ അഞ്ചുപേർ കേസിൽ അറസ്റ്റിലായിരുന്നു.

✪✪✪

നീറ്റ് UG പുന:പരീക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് NTAയുടെ ഔദ്യോഗിക ചാനലുകളെ മാത്രം ആശ്രയിക്കണമെന്ന് ദേശീയ ടെസ്റ്റിംഗ് ഏജൻസി ഉദ്യോഗാർത്ഥികളോടും രക്ഷിതാക്കളോടും അഭ്യർത്ഥിച്ചു. വ്യാഴാഴ്ച വരെ, വിദ്യാർത്ഥികൾക്ക് നിലവിലെ വിലാസവും ഒന്നും രണ്ടും പരീക്ഷാ നഗരങ്ങളുടെ തിരഞ്ഞെടുപ്പും ഇഷ്ടാനുസരണം പുതുക്കാമെന്നും NTA അറിയിച്ചു.

ജൂൺ 21നാണ് പുനഃപരീക്ഷ. മെയ് മൂന്നിലെ പരീക്ഷ, ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് റദ്ദാക്കിയ സാഹചര്യത്തിലാണ് വീണ്ടും പരീക്ഷ നടത്തുന്നത്.

✪✪✪

CBSE, പന്ത്രണ്ടാം ക്ലാസ് പരീക്ഷയിലെ ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭ്യമാക്കാനും, പുനർ മൂല്യനിർണയത്തിനും പ്രത്യേക നടപടികൾ ആവിഷ്കരിച്ചു. രണ്ട് തലങ്ങളിൽ ഉത്തരക്കടലാസുകൾ വിദ്യാർത്ഥികൾക്ക് പരിശോധിക്കാൻ അവസരം നൽകുന്ന രീതിയാണ് നടപ്പാക്കുന്നത്.

ആദ്യ ഘട്ടത്തിൽ, മൂല്യ നിർണയം ചെയ്ത ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭ്യമാക്കാനും, രണ്ടാം ഘട്ടത്തിൽ മാർക്കിലെ പൊരുത്തക്കേടുകൾ പരിശോധിക്കാനും പുനർമൂല്യ നിർണയത്തിന് അപേക്ഷിക്കാനും കഴിയും. ഉത്തരക്കടലാസ് പകർപ്പുകൾക്കായി ഈ മാസം 19 മുതൽ 22 വരെ അപേക്ഷ നൽകാം. പുനർമൂല്യ നിർണയത്തിന് മെയ് 26 മുതൽ 29 വരെയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

പെട്രോൾ കയറ്റുമതിക്ക് കേന്ദ്ര ഗവണ്മെന്റ് ലിറ്ററിന് മൂന്ന് രൂപ പ്രത്യേക അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തി. അതേസമയം, ഡീസൽ കയറ്റുമതിയുടെ നികുതി, ലിറ്ററിന് 23 രൂപയിൽ നിന്ന് 16 രൂപ 50 പൈസയായി കുറച്ചു. വിമാന ഇന്ധനത്തിന്റെ നികുതി ലിറ്ററിന് 33 രൂപയിൽ നിന്ന് 16 രൂപയായും കുറച്ചിട്ടുണ്ടെന്ന് ധനമന്ത്രാലയം അറിയിച്ചു.

പുതുക്കിയ ഈ നിരക്കുകൾ ഇന്നു മുതൽ അടുത്ത രണ്ടാഴ്ചത്തേക്ക് പ്രാബല്യത്തിലുണ്ടാകും. ആഭ്യന്തര വിപണിയിലെ പെട്രോൾ, ഡീസൽ എക്സൈസ് ഡ്യൂട്ടി നിരക്കുകളിൽ മാറ്റമില്ല.

✪✪✪

ഇന്ധന വിലവർദ്ധനയ്ക്കെതിരെ ഇന്ന് കോൺഗ്രസ് സംസ്ഥാന വ്യാപകമായി പ്രതിഷേധിക്കും. ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പ്രതിഷേധ പരിപാടിയെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ഇന്നലെ തിരുവനന്തപുരത്ത് അറിയിച്ചിരുന്നു.

✪✪✪

ഹോർമൂസ് കടലിടുക്ക് തുറക്കുമെന്നും ഇറാനെ ആണവായുധം നിർമ്മിക്കാൻ അനുവദിക്കില്ലെന്നും US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. പശ്ചിമേഷ്യൻ സംഘർഷത്തിൽ ശരിയെന്ന് തോന്നുന്ന നടപടി എടുക്കുമെന്നും ട്രംപ് പറഞ്ഞു. ഐക്യരാഷ്ട്ര സംഘടനയുമായി ഇറാൻ ഇപ്പോൾ നടത്തുന്ന ചർച്ചകളെയും അമേരിക്കൻ പ്രസിഡന്റ് വിമർശിച്ചു. കരാർ വ്യവസ്ഥകളെ മാനിക്കാത്ത രാജ്യമാണ് ഇറാനെന്നും ട്രംപ് കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ഇടുക്കി ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

✪✪✪

റാഗിംഗ് പരാതികൾ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങൾ കോളേജ് അധികൃതർ ശക്തിപ്പെടുത്ത ണമെന്നും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി എടുക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് ആവശ്യപ്പെട്ടു.

അധ്യാപകരും കോളേജ് അധികൃതരും വിദ്യാർത്ഥികളോട് മാനുഷിക സമീപനം പാലിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും ഉത്തരവിൽ പറഞ്ഞു. റാഗിംഗ് പരാതിയിൽ ഒരു രക്ഷിതാവ് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ഉത്തരവ്.

✪✪✪

പത്തനംതിട്ട ജില്ല ഡാൻസാഫ് ടീമും, പന്തളം പൊലീസും അടൂർ സ്വദേശികളായ രണ്ട് യുവാക്കളിൽ നിന്ന് 400 ഗ്രാമോളം MDMA പിടികൂടി. ഷംനാദ്, മുഹമ്മദ് ഷാൻ എന്നിവരാണ് അറസ്റ്റിലായത്. വാഹന പരിശോധനയിലാണ് ഇവർ പിടിയിലായത്. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

നൂറ് ഗ്രാമിലേറെ MDMA യുമായി മറ്റൊരു യുവാവ് കൊല്ലത്ത് നിന്നും പിടിയിലായി. മൈത്രി നഗറിലെ വിഷ്ണുലാൽ ആണ് കൊറിയറിലെത്തിച്ച MDMAയുമായി അറസ്റ്റിലായത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ബംഗലൂരു FC- യെ നേരിടും. വൈകീട്ട് അഞ്ചിന് ചെന്നൈയിലാണ് മൽസരം.

മറ്റൊരു മൽസരത്തിൽ ഒഡീഷ FC, പഞ്ചാബ് FC-യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലാണ് മൽസരം.

✪✪✪

IPL ക്രിക്കറ്റിൽ ലക്നോ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ ഏഴ് വിക്കറ്റിന് തകർത്തു. ലക്നോവിലായിരുന്നു മത്സരം. ഇന്ന് കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. കൊൽക്കൊത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

കൊല്ലത്ത് സ്വകാര്യ ഗ്യാസ് ഏജൻസിയിൽ അനധികൃതമായി സൂക്ഷിച്ച രണ്ടായിരത്തോളം വാണിജ്യ പാചകവാതക സിലിണ്ടറുകൾ പിടികൂടി. സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനയിലാണ് മുഖത്തല, കണിയാംതോട്ടു നിന്ന് 1937 വാണിജ്യ ഗ്യാസ് സിലിണ്ടറുകൾ കണ്ടുകെട്ടിയത്.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിലെ തിരക്ക് പരിഗണിച്ച് ഇത്തവണ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്ന് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് O.K.വാസു പറഞ്ഞു. ഏതാനും ദിവസങ്ങൾക്കകം ഒരുക്കങ്ങൾ പൂർത്തിയാക്കും. ഉത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കൊട്ടിയൂരിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ മാസം 28ന് നെയ്യാട്ടത്തോടെയാണ് വൈശാഖോത്സവത്തിന് തുടക്കമാകുന്നത്.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിലെ ഹരിതചട്ട പാലനത്തിൽ കോഴിക്കോട് ജില്ലയിലെ മികച്ച പ്രവർത്തനത്തിന് ജില്ലാ ശുചിത്വ മിഷൻ പുരസ്കാരങ്ങൾ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കോഴിക്കോടും, നഗരസഭാ തലത്തിൽ രാമനാട്ടുകരയുമാണ് മികച്ച പ്രവർത്തനം കാഴ്ച വെച്ചത്.

✪✪✪

ഭാരതമാതാവിന് ജയഘോഷം മുഴങ്ങുന്നത് അധരത്തിൽ നിന്നല്ല, ഹൃദയത്തിൽ നിന്നാണെന്ന് പ്രശസ്ത തമിഴ് സാഹിത്യകാരനും പദ്മശ്രീ ജേതാവുമായ R.N.ജോ ഡിക്രൂസ് പറഞ്ഞു. കോഴിക്കോട്ട് തപസ്യ കലാ സാഹിത്യ വേദിയുടെ സുവർണ ജയന്തി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തപസ്യ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രൊഫ P.G.ഹരിദാസ് അധ്യക്ഷനായിരുന്നു. ഡോ.സ്വപൻമുഖോപാധ്യായ മുഖ്യാതിഥിയായി.

✪✪✪

ആർട്ട് ഹയർ സെക്കൻഡറി സ്കൂൾ പരീക്ഷയിൽ കേരള കലാമണ്ഡലം ആർട്ട് ഹയർ സെക്കൻഡറിയിലെ 74 വിദ്യാർഥികളിൽ 73 പേരും വിജയിച്ചു. 98.64 ശതമാനമാണ് വിജയം.

✪✪✪

എറണാകുളം ജില്ലയിൽ സ്കൂൾ ബസുകളുടെ സുരക്ഷാ പരിശോധന അടുത്ത ബുധൻ, വെള്ളി ദിവസങ്ങളിൽ നടത്താൻ മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചു.

കുട്ടികൾക്കായി വാടകയ്ക്കെടുക്കുന്ന വാഹനങ്ങളിൽ 'ഓൺ സ്കൂൾ ഡ്യൂട്ടി' എന്ന് വ്യക്തമായി എഴുതിയ ബോർഡ് പ്രദർശിപ്പിക്കണമെന്ന് വകുപ്പ് നിർദേശം നൽകി.

✪✪✪

കോഴിക്കോട് പേരാമ്പ്ര ചെറുവണ്ണൂരിൽ ഇന്നലെ രാത്രി ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ച് യാത്രക്കാരി മരിച്ചു. കക്കറമുക്ക് സ്വദേശിനി സോനയാണ് താലൂക്ക് ആശുപത്രിയിൽ മരിച്ചത്.

പരിക്കേറ്റ ഭർത്താവ് ലാലുവിനെ കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

*News Editor : ശ്രുതി എം*
*News reader : അനിൽ ചന്ദ്രൻ*
*News Team:, ,അബ്ദുൾ കബീർ, അൻഷ കരീം*
*DEO : സികെ സുബോധ്*